പോലീസ് സ്റ്റേഷൻ പുന:സംഘടന

786. ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സ്റ്റേഷനുകളുടെ പുനർ വിജ്ഞാപനത്തെ തുടർന്ന് നെയ്യാറ്റിൻകര ക്രിമിനൽ കോടതിയുടെ പരിധിയിൽ ഉൾപ്പെട്ടിരുന്ന നേമം, തിരുവല്ലം സ്റ്റേഷനുകളുടെ അതിർത്തി തിരുവനന്തപുരത്ത് പുതുതായി രൂപീകരിച്ച ഡി. വൈ. എസ്. പി. യുടെ കീഴിലാക്കിയതനുസരിച്ച് കോടതിയുടെ അധികാരപരിധിയിൽ വ്യത്യാസം വരുത്താൻ ഉദ്ദേശമുണ്ടോ ;

(ബി) പോലീസ് സ്റ്റേഷൻ പുനഃസംഘടനയെ തുടർന്ന് നെയ്യാറ്റിൻകര ബാർ അസ്സോസിയേഷൻ നൽകിയിരുന്ന നിവേദനത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇപ്പോൾ ഉദ്ദേശമില്ല.

(ബി) നിവേദനം ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഹൈക്കോടതി അതിൽ പരാമർശിച്ച കാര്യങ്ങൾ പരിശോധിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്.

വാഹന അപകടങ്ങൾ

787. ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1986 ഫെബ്രുവരി 28 വരെ സംസ്ഥാനത്തുണ്ടായ വാഹനാപകടങ്ങൾ എത്ര ;

(ബി) ഇവയിൽ മരിച്ചവരെത്ര ;

(സി) വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങൾ ഒഴിവാക്കാൻ എന്തു നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ;

(ഡി) മന്ത്രിമാരുടെയും അവരെ അനുഗമിച്ചവരുടെയും വാഹനങ്ങൾ വഴി ഈ കാലയളവിലുണ്ടായ അപകടങ്ങൾ എത്ര ; ഇതുമൂലം മരിച്ചവരെത്ര; പരിക്കുപറ്റിയവരെത്ര ?

ഉത്തരം

(എ) 33772 അപകടങ്ങൾ

(ബി) 5396 പേർ

(സി) ട്രാഫിക് നിയമങ്ങളും നിയന്ത്രണങ്ങളും കർശനമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 57 അപകടങ്ങൾ ഉണ്ടായി. ഇതുമൂലം മൂന്നു പേർ മരിക്കുകയും 111 പേർക്ക് പരിക്കുപറ്റുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly